ദിൽഷാൻ

# ഹദീസ്പഠനം കേരളത്തിൽ

“**മലബാർ:** നിരവധി പട്ടണങ്ങളുള്ള മഹത്തായ വലിയ നാട്. കണ്ണൂരും മഞ്ചുറൂറും ദഹ്സലും അവിടെയാണ്. ലോകത്തുടനീളം കുരുമുളകെത്തുന്നത് മലബാറിൽനിന്നാണ്. ദമസ്കസിന്റെ ചരിത്രത്തിൽ മലബാറുകാരനായ അബ്ദുർറഹ്മാന്റെ പുത്രൻ അബ്ദുല്ല മലൈബാരിയെക്കുറിച്ച് ഞാൻ കണ്ടിട്ടുണ്ട്. സിന്ധി എന്നാണ് അദ്ദേഹം അറിയപ്പെട്ടത്. തീരദേശ പട്ടണമായ സൈ്വദാഇലെ അദ്നൂനിൽ വെച്ച് ശീറാസുകാരൻ അഹ്മദുബ്നു അബ്ദിൽ ഖാദിറിൽനിന്ന് അദ്ദേഹം ഹദീസ് പഠനം നടത്തിയിട്ടുണ്ട്. ബസ്റക്കാരനായ അബൂഅബ്ദില്ലാഹിസ്സൂരി അബ്ദുല്ലാ മലൈബാരിയിൽനിന്ന് ഹദീസ്റിപ്പോർട്ട് ചെയ്തിട്ടുണ്ട്.”

പ്രഗത്ഭ ചരിത്രകാരനായ യാഖൂത്തുൽ ഹമവിയുടെ പ്രസിദ്ധ കൃതിയായ *മുഅ്ജമുൽ ബുൽദാനിൽ*നിന്നുള്ളതാണ് ഈ ഉദ്ധരണി. കേരളക്കരക്ക് നബിചര്യയുമായുള്ള ബന്ധത്തെക്കുറിച്ച വ്യക്തമായ സൂചനകൾ ഈ വരികളിൽ അടങ്ങിയിട്ടുണ്ട്. മലബാർ എന്ന് ചരിത്രഗ്രന്ഥങ്ങളിലെ പരാമർശം കേരളത്തെയാണ് സൂചിപ്പിക്കുന്നത്. അബ്ദുല്ലാമലൈബാരിയെക്കുറിച്ച് പരാമർശിക്കുന്ന താരീഖുദിമശ്ഖ് എന്ന കൃതി ചരിത്രപണ്ഡിതനായ ഇബ്നു അസാകിറാണ് രചിച്ചിട്ടുള്ളത്. അദ്ദേഹം ഹി. 571 റജബ് 11-നാണ് മരണപ്പെട്ടത്. ഇതിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത് ഹി. 571-ന് മുമ്പ് അബ്ദുല്ലാമലൈബാരി ദമസ്കസിൽ എത്തിയിരുന്നുവെന്നാണ്. മർഹൂം ഫലകി മുഹമ്മദ് മൗലവി അൽ ഇർശാദ് മാസികയിൽ എഴുതിയ ഒരു ലേഖനത്തിൽ പ്രകടിപ്പിച്ച അഭിപ്രായം പ്രസക്തമാണ്. അതായത്, അബ്ദുല്ലാ മലൈബാരിയുടെ ഗുരുവര്യൻ അഹ്മദുബ്നു അബ്ദുൽവാഹിദിനെ ഇബ്നുഅസാകിർ ഖശ്ശാബ് എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. ഖശ്ശാബ് എന്നാൽ മരക്കച്ചവടക്കാരൻ എന്നാണർഥം. ഒരുപക്ഷേ അഹ്മദുബ്നു അബ്ദിവാഹിദ് വ്യാപാരാവശ്യാർഥം ദമസ്കസിൽ നിന്ന് വരികയും അബ്ദുല്ലാഹിൽ മലൈബാരി അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിച്ച് ദമസ്കസിലേക്ക് പോവുകയും ചെയ്തതായിരിക്കണം. ദമസ്കസ് ഹദീസ് പഠന-ഗവേഷണങ്ങളുടെ കേന്ദ്രമായിരുന്നു. ഇസ്‌ലാമിക ചരിത്രത്തിൽ ഹദീസ് പഠനത്തിനുമാത്രമായി നിർവഹിച്ച ആദ്യകേന്ദ്രം ദമസ്കസിലെ ‘ദാറുൽ ഹദീസാ’യിരുന്നു. മഹ്മൂദുബ്നു സൻകി നൂറുദ്ദീനാണ് പണികഴിപ്പിച്ചത്. ഈവിധം വിശ്രുതമായ ദമസ്കസിലാണ് കേരളീയനായൊരാൾ ഹദീസ് പഠന-ഗവേഷണത്തിനുവേണ്ടി ഹി. 6-ാം നൂറ്റാണ്ടിലോ അതിനുമുമ്പോ എത്തിച്ചേർന്നത്. ഇബ്നു അസാകിറിന്റെ ഗ്രന്ഥത്തിൽ ഇമാം ഗസ്സാലിയെ പോലുള്ള പ്രഗത്ഭരോടൊപ്പം അബ്ദുല്ലാമലൈബാരി പരാമർശിക്കപ്പെടുകയും ചെയ്തിരിക്കുന്നു. പക്ഷേ, ഇദ്ദേഹം ഏതു നാട്ടുകാരനാണെന്നോ, ഏതു കുടുംബക്കാരനാണെന്നോ ആർക്കുമറിയില്ല!

ഇസ്‌ലാമിക വിജ്ഞാനരംഗത്ത് മഹത്തായ പാരമ്പര്യമുള്ള കേരളത്തിൽ ഹദീസ് പഠന-ഗവേഷണവും ചെറുതല്ലാത്തവിധം നടന്നിട്ടുണ്ട്. ഹദീസ് വിജ്ഞാന തൽപരരായ നിരവധി പണ്ഡിതന്മാർ പല കാലങ്ങളിലായി കേരളത്തിലുണ്ടായിരുന്നു. പക്ഷേ, ചരിത്രത്തോട് നാം കാണിച്ച അവഗണനയും അശ്രദ്ധയും കാരണം അത്തരം കാര്യങ്ങളെ സംബന്ധിച്ച അമൂല്യമായ നിരവധി അറിവുകൾ നഷ്ടപ്പെട്ടുപോയിരിക്കുന്നു.

നബി(സ)യുടെ വിയോഗാനന്തരം അൽപകാലത്തിനകം ഇസ്‌ലാമിക പ്രബോധനാർഥം പ്രവാചക സഖാക്കളും അവരുടെ പിന്മുറക്കാരും കേരളത്തിലെത്തുക






യുണ്ടായെന്ന് ചരിത്ര പണ്ഡിതന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. ചിലരുടെ വീക്ഷണത്തിൽ പ്രവാചകന്റെ ജീവിതകാലത്തു തന്നെ ശിഷ്യന്മാർ ഇവിടെ വന്നിട്ടുണ്ട്. നബി(സ)ക്ക് പാരിതോഷികങ്ങളുമായി ഒരു ദൗത്യസംഘം കേരളത്തിൽനിന്ന് അറേബ്യയിലെത്തിയിരുന്നതായി ഇബ്നു അബ്ബാസ് ഉദ്ധരിച്ച ഹദീസ് ഹാകിമിന്റെ *മുസ്തദ്‌റകി*ലുണ്ട്. ചേരമാൻ പെരുമാൾ എന്നോ മറ്റോ പേരുള്ള ഒരു രാജാവ് കേരളത്തിൽനിന്ന് അറേബ്യയിൽ പോയി ഇസ്‌ലാമാശ്ലേഷിച്ചതായും ചരിത്രഗ്രന്ഥങ്ങളിൽ കാണാം. വിശദാംശങ്ങളെക്കുറിച്ച ചർച്ചകൾ ചരിത്ര പണ്ഡിതന്മാർക്ക് വിടാം. എങ്കിലും ഒരു കാര്യം നമുക്കുറപ്പിച്ചു പറയാം: ഹിജ്റ ഒന്നാം നൂറ്റാണ്ടിൽതന്നെ കേരളത്തിൽ പ്രബോധകസംഘങ്ങൾ വരികയും ഇസ്‌ലാമിക സന്ദേശം പ്രചരിക്കുകയും ധാരാളം തദ്ദേശീയർ ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സന്ദേശ പ്രചാരണത്തിന് മൗലിക പ്രമാണങ്ങളായ ഖുർആനും ഹദീസും മാധ്യമമാവുക സ്വാഭാവികമാണല്ലോ.







ഹദീസുകൾ കേരളത്തിലെത്തുന്നത് പ്രബോധകരായി വന്ന സ്വഹാബിമാരും താബിഉകളും വഴിയാണെന്ന് ഇത് വ്യക്തമാക്കുന്നു. ഇസ്‌ലാമിനോടുള്ള ആദർശബന്ധത്തോടൊപ്പം നബി(സ)യോടുള്ള ഉള്ളുനിറഞ്ഞ സ്നേഹവായ്പും കേരളീയ മുസ്‌ലിംകളിൽ സജീവമാണ്. ഇത് നബിയുടെ സുന്നത്തിനോട് സവിശേഷമായ ആത്മബന്ധമുണ്ടാക്കാൻ കാരണമായി.

പല ഘട്ടങ്ങളിലായി അറബ്‌രാജ്യങ്ങളിൽനിന്നും മറ്റും കേരളത്തിൽ വന്ന നിരവധി പണ്ഡിതന്മാരുണ്ട്. അവരിൽ പലരും ഹദീസ് വിജ്ഞാനരംഗത്ത് പ്രാഗത്ഭ്യമുള്ളവരായിരുന്നു. മക്ക, മദീന, മഖ്ദിഷ്, ഒമാൻ, ബഹ്റൈൻ തുടങ്ങിയ സ്ഥലങ്ങളിൽനിന്നുള്ളവരോ അവിടങ്ങളിൽ പഠിച്ചവരോ ആയ പണ്ഡിതന്മാർ കേരളത്തിലെ പല സ്ഥലങ്ങളിലും അധ്യാപനം നടത്തിയിരുന്നതായി ഇബ്നുബത്തൂത്ത രേഖപ്പെടുത്തിയിട്ടുണ്ട്. ബഹ്റൈൻകാരനായ ഇബ്റാഹീം ശാഹ്ബന്ദർ ഉദാഹരണം. മലയാളിവിദ്യാർഥികൾക്കും പണ്ഡിതന്മാർക്കും ഇത്തരം വിദേശ പണ്ഡിതന്മാരുടെ സാന്നിധ്യം ഹദീസ് വിജ്ഞാനരംഗത്ത് ഏറെ പ്രയോജനപ്പെടുകയുണ്ടായി. കേരളീയരായ നിരവധി പണ്ഡിതന്മാർ അറബ് രാജ്യങ്ങളിൽ പോയി ഇസ്‌ലാമിക പഠനം നടത്തിയിട്ടുണ്ട്. ഹജ്ജിന് പോകുന്ന പണ്ഡിതന്മാരിൽ ചിലർ കുറച്ചുകാലം മക്കയിലോ മദീനയിലോ താമസിക്കുന്ന സംഭവങ്ങളുമുണ്ടായിട്ടുണ്ട്. മക്കയും മദീനയും ഹദീസിന്റെ കേന്ദ്രങ്ങളായിരുന്നു. അതുകൊണ്ട് അവർക്ക് ഹദീസ് വിജ്ഞാനവുമായി നല്ല ബന്ധമാണുണ്ടായിരുന്നത്. യാഖൂത്തുൽഹമവി പരാമർശിച്ച അബ്ദുല്ല മലൈബാരി അവരിലൊരാളാണ്. ഹിജ്റ ഒമ്പതാം നൂറ്റാണ്ടിൽ ജീവിച്ച കോഴിക്കോട്ടുകാരനായ അബ്ദുല്ലാഹിബ്നു അഹ്മദ് എന്ന മറ്റൊരു ഹദീസ് പണ്ഡിതനെക്കുറിച്ചും ചരിത്ര ഗവേഷകർ പരാമർശിച്ചിട്ടുണ്ട്. ഖാസിം, അബൂബക്ർ എന്നീ സഹോദരന്മാരോടൊപ്പം മക്കയിലെത്തിയ അദ്ദേഹം ഹദീസ് പണ്ഡിതനായ അൽഹാഫിള് അസ്സഖാവിയുടെ ശിഷ്യത്വം സ്വീകരിച്ച് ഹദീസ് പഠനം നടത്തി. ഹദീസുകൾ നിവേദനം ചെയ്യാൻ ഗുരുവര്യനിൽനിന്ന് അനുമതി (ഇജാസ) ലഭിച്ചു. സഖാവി തന്റെ കൃതിയിൽ അബ്ദുല്ലാഹിബ്നു അഹ്മദിനെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ട് (Vol 5/ p 11 الضوء اللامع).

ഈ ചരിത്രവസ്തുതകൾ ഹദീസുകളും കേരളീയ മുസ്‌ലിംകളുമായുള്ള ആത്മബന്ധത്തെക്കുറിച്ച് സൂചിപ്പിക്കുന്നു. വിദേശത്തുനിന്ന് വന്ന പണ്ഡിതന്മാരിൽനിന്ന് ഇതര വിഷയങ്ങളോടൊപ്പം ഹദീസ് വിജ്ഞാനീയങ്ങളും കേരളക്കരക്ക് ലഭിച്ചു. കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ നടന്നിരുന്ന മതപഠനകേന്ദ്രങ്ങളിൽ ഹദീസ്പഠനത്തിനും അവസരമുണ്ടായിരുന്നു. ചില പണ്ഡിതന്മാർ വിദേശ രാജ്യങ്ങളിലേക്ക് പോവുകയും അവിടെയുള്ള ഹദീസ് പണ്ഡിതന്മാരുടെ ശിഷ്യത്വം സ്വീകരിച്ച് പഠനം നടത്തുകയും ചെയ്തു. ഹദീസ് നിവേദക പരമ്പരയിൽ ഉൾപ്പെടാൻ മാത്രം ഈ രംഗത്ത് വളർന്നുവന്ന ചിലരെങ്കിലുമുണ്ടായിരുന്നു.

കേരളത്തിലെ പൊതു മുസ്‌ലിംസമൂഹത്തിന് പണ്ഡിതന്മാർ നൽകിയ ഉദ്ബോധനങ്ങളിൽ ഹദീസുകൾ ധാരാളമായി ഉദ്ധരിച്ചിരുന്നു. അധിനിവേശവിരുദ്ധ സമരത്തിന് മുസ്‌ലിംസമൂഹത്തെ പ്രചോദിപ്പിക്കാൻ രചിക്കപ്പെട്ട കൃതികളിൽ ദൈവമാർഗത്തിലെ സമരത്തിന്റെ മഹത്വം വിവരിക്കുന്ന നിരവധി ഹദീസുകൾ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. സൈനുദ്ദീൻ മഖ്ദൂം രചിച്ച *തുഹ്ഫത്തുൽ മുജാഹിദീ*ന്റെ ആദ്യഭാഗത്തുതന്നെ നിരവധി ഹദീസുകൾ കാണാം. കേരള മുസ്‌ലിംകൾ നടത്തിയ സാമ്രാജ്യത്വവിരുദ്ധ പോരാട്ടങ്ങൾക്ക് ഹദീസുകൾ ഊർജം പകർന്നുവെന്നാണ് ഇത് വ്യക്തമാക്കുന്നത്.

### ഹദീസ് വിശദീകരണങ്ങൾ

കേരളത്തിൽ രചിക്കപ്പെട്ട രണ്ടു പ്രമുഖ ഹദീസ് വിശദീകരണകൃതികളാണ് '*സ്വിഹാഹുശ്ശൈഖൈനി*, *മിർആത്തുൽ മിശ്കാത്ത്* എന്നിവ. സമസ്ത കേരള ജംഇയ്യത്തുൽ ഉലമായുടെ പ്രസിഡന്റായിരുന്ന അബ്ദുൽബാരി മുസ്‌ലിയാർ (വാളക്കുളം) രചിച്ച ഗ്രന്ഥമാണ് *സ്വിഹാഹുശ്ശൈഖൈനി*. നെല്ലിക്കുത്ത് ഇസ്മാഈൽ മുസ്‌ലിയാരാണ് *മിർആത്തുൽ മിശ്കാത്തി*ന്റെ കർത്താവ്.

രണ്ടായിരത്തി അറുനൂറിലധികം ഹദീസുകൾ ഉൾപ്പെടുത്തിയിട്ടുള്ള കൃതിയാണ് *സ്വിഹാഹുശ്ശൈഖൈനി*. അബ്ദുൽബാരി മുസ്‌ലിയാർ തന്നെ *ഖാദിമുസ്സ്വഹീഹൈനി* എന്ന പേരിൽ അതിനൊരു വിശദീകരണം എഴുതിയിട്ടുണ്ട്. *ഹാശിയതുസ്വിഹാഹിശ്ശൈഖൈനി* എന്ന പേരിൽ ഒരു വ്യാഖ്യാനവും അദ്ദേഹം തന്നെ സ്വിഹാഹിന്നു രചിച്ചിട്ടുണ്ട്.

പ്രമുഖ ഹദീസ് സമാഹാരമായ *മിശ്കാത്തുൽ മസ്വാബീഹി*ന് പണ്ഡിതനായ നെല്ലിക്കുത്ത് ഇസ്മാഈൽ മുസ്‌ലിയാർ എഴുതിയ വിശദീകരണ ഗ്രന്ഥമാണ് 8 വാല്യങ്ങളുള്ള *മിർആത്തുൽ മിശ്കാത്ത്*. ആറായിരത്തിൽപരം പേജുള്ള അറബിയിൽ രചിക്കപ്പെട്ട ബൃഹദ്ഗ്രന്ഥമാണ് ഇത്. ഹദീസുകളുടെ വിശദീകരണവും ഓരോ അധ്യായത്തിനും അനുബന്ധമായി തയാറാക്കിയ പഠനങ്ങളും വിഷയങ്ങളുടെ ചാർട്ടുകൾ, സൂചികകൾ, ചിത്രങ്ങൾ, ഭൂപടങ്ങൾ തുടങ്ങിയവയും ഓരോ വാല്യത്തിലും ചേർത്തിട്ടുണ്ട്. പ്രസിദ്ധമായ നാല് കർമശാസ്ത്ര മദ്ഹബുകളുടെ വീക്ഷണങ്ങൾ അവതരിപ്പിച്ചുകൊണ്ടാണ് ഫിഖ്ഹീ വിഷയങ്ങൾ ചർച്ചചെയ്തിട്ടുള്ളത്. വിവാദ വിഷയങ്ങൾ പ്രത്യേക വിശകലനത്തിന് വിധേയമാക്കിയിട്ടുണ്ട്. *മിശ്കാത്തുൽ മസ്വാബീഹി*ൽവന്ന സ്വഹാബിമാരുടെയും താബിഉകളുടെയും മറ്റും സംക്ഷിപ്ത ജീവചരിത്രവും പ്രമുഖ ഹദീസ് ഗ്രന്ഥങ്ങൾ, വിഖ്യാതരായ ഹദീസ് പണ്ഡിതന്മാർ, ഹദീസ് നിദാനശാസ്ത്രത്തിലെ സാങ്കേതിക സംജ്ഞകൾ എന്നിവയുമൊക്കെ അനുബന്ധമായി ചേർത്തിരിക്കുന്നു. വിശദമായ വിഷയ സൂചികയുമുണ്ട്.

സംഘടനാപരമായ വിഭാഗീയതകളായിരിക്കാം മിർആത്തും സ്വഹീഹുശ്ശൈഖൈനിയുമൊക്കെ പൊതുസ്വീകാര്യത നേടാതിരിക്കാൻ കാരണം. ഗ്രന്ഥകാരന്മാരുടെ വീക്ഷണങ്ങളോട് ഉണ്ടാകാവുന്ന വിയോജിപ്പുകൾ പ്രകടിപ്പിച്ചുകൊണ്ടുതന്നെ അവരുടെ ഇത്തരം ശ്ലാഘനീയമായ ശ്രമങ്ങളെ അംഗീകരിക്കാൻ മുസ്‌ലിം സമൂഹത്തിന് സാധിക്കേണ്ടതായിരുന്നു.

### പരിഭാഷകൾ

പ്രമുഖ ഹദീസ് ഗ്രന്ഥങ്ങളുടെ ഗൗരവപ്പെട്ട സമ്പൂർണ പരിഭാഷകളൊന്നും മുമ്പ്കാലത്ത് മലയാളത്തിലുണ്ടായിട്ടില്ല. യഥാർഥത്തിൽ ബുഖാരി, മുസ്‌ലിം തുടങ്ങിയ ഗ്രന്ഥങ്ങളുടെ ആധികാരിക വിവർത്തനങ്ങൾ നേരത്തേ പുറത്തിറങ്ങേണ്ടതായിരുന്നു. കാരണം, ഖുർആൻ പരിഭാഷപ്പെടുത്തുന്നതിന് നേരിടേണ്ടിവന്ന എതിർപ്പുകൾ ഇവിടെ ഹദീസിന്റെ വിഷയത്തിൽ ഉണ്ടായിരുന്നില്ല. എന്നിട്ടും എന്തുകൊണ്ടാണ് ഈ രംഗം അവഗണിക്കപ്പെട്ടത് എന്ന് പരിശോധിക്കേണ്ടതാണ്.

മലയാളത്തിൽ കുറേയേറെ ഹദീസ് പരിഭാഷകൾ സമീപകാലത്ത് പുറത്തിറങ്ങിയിട്ടുണ്ട്. പ്രമുഖ ഹദീസ് ഗ്രന്ഥങ്ങളുടെ വിവർത്തനങ്ങൾ, വിവിധ സമാഹാരങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ഹദീസുകൾ വിഷയാധിഷ്ഠിതമായി ക്രോഡീകരിച്ച സ്വതന്ത്ര വിവർത്തനങ്ങൾ തുടങ്ങിയവ പ്രസിദ്ധീകൃതമായിട്ടുണ്ട്. രണ്ടാമതു പറഞ്ഞ വിഭാഗത്തിലാണ് കൂടുതൽ രചനകൾ ഉണ്ടായിട്ടുള്ളത്.

ആദ്യകാലത്ത് പുറത്തിറങ്ങിയ ഹദീസ് പരിഭാഷകളാണ് *ഇസ്‌ലാം മത തത്ത്വപ്രദീപം, അൽഹദീസ്* എന്നിവ. കൊല്ലവർഷം 1113-ൽ വക്കത്തുനിന്ന് പ്രസിദ്ധീകരിച്ച *ഇസ്‌ലാംമത തത്ത്വപ്രദീപ*ത്തിന്റെ രചയിതാവ് പി. മുഹമ്മദ് മൈതീൻ സാഹിബാണ്. ഇടവയിലെ സി.എം പ്രസ്സിലാണ് അച്ചടിച്ചിരുന്നത്. സാമൂഹിക പ്രാധാന്യമുള്ള ഹദീസുകൾ തെരഞ്ഞെടുത്ത് സമാഹരിച്ചതാണിത്. ഒരു രൂപയായിരുന്നു അന്നത്തെ വില.

അൽഹദീസിന്റെ കർത്താവ് കെ. മുഹമ്മദലിയാണ്. ഹി. 1226/ക്രി. 1951-ലാണ് ഇത് പുറത്തിറങ്ങിയത്. വിഷയക്രമത്തിൽ ഹദീസുകൾ ക്രോഡീകരിച്ചിട്ടുള്ള *അൽഹദീസി*ന്റെ ആമുഖത്തിൽ ഹദീസ് വിജ്ഞാനീയത്തെ സംബന്ധിച്ച ഒരു പഠനവുമുണ്ട്. ഹദീസ് മഹൽ എന്ന ഇംഗ്ലീഷ് ഗ്രന്ഥത്തിന്റെ പരിഭാഷയാണിത്. മജീദ് മരക്കാർ പെരുമ്പാവൂർ ആണ് പ്രസാധകൻ.

വിവിധ ഹദീസ് ഗ്രന്ഥങ്ങളിൽ നിന്ന് തെരഞ്ഞെടുത്ത ഹദീസുകൾ വിഷയാധിഷ്ഠിതമായി ക്രോഡീകരിച്ച് പരിഭാഷപ്പെടുത്തിയ ലഘുകൃതിയാണ് എം. അഹ്‌മദ് മൗലവിയുടെ *പരിശുദ്ധ നബിവചനങ്ങൾ പരിഭാഷയും വ്യാഖ്യാനവും.* 333 ഹദീസുകളുടെ അറബി മൂലവും മലയാള പരിഭാഷയും ലഘുവിശദീകരണക്കുറിപ്പുകളുമുള്ള ഈ പുസ്തകം 1962-ലാണ് പുറത്തിറങ്ങിയത്. 184 തലക്കെട്ടുകളിലാണ് വിഷയങ്ങൾ ക്രമീകരിച്ചിട്ടുള്ളത്. *മിശ്കാത്തുൽ മസ്വാബീഹി*ന്ന് മൈലാപൂർ ശൗകത്തലി മൗലവി തയാറാക്കിയ പരിഭാഷ ഏകദേശം 25 വർഷംമുമ്പ് പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. 800 ഹദീസുകൾ വ്യാഖ്യാന സഹിതം ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മിശ്കാത്തിന്റെ ഏതാണ്ട് പകുതി മാത്രമേ അദ്ദേഹം വിവർത്തനം ചെയ്യുകയുണ്ടായുള്ളൂ. സ്വഹീഹുമുസ്‌ലിമിന് കടന്നമണ്ണ അലവി മൗലവി തയാറാക്കിയ പരിഭാഷയാണ് മറ്റൊന്ന്. മുസ്‌ലിമിന്റെ ഈ പരിഭാഷ മുന്നൂവാല്യങ്ങളിലായാണ് പുറത്തിറങ്ങിയത്. വിശദീകരണവും ഉണ്ട്.

സ്വഹീഹുൽ ബുഖാരിക്ക് സി.എൻ അഹ്‌മദ് മൗലവി തയാറാക്കിയ വിവർത്തനവും പ്രത്യേക പരാമർശമർഹിക്കുന്നതാണ്. ഒറ്റവാല്യത്തിലുള്ള ഈ പരിഭാഷ 1970-ലാണ് പ്രസിദ്ധീകൃതമായത്. നബിജീവിതത്തെയും, ഹദീസ് നിദാനശാസ്ത്രത്തെയും സുന്നത്തിന്റെ ആധികാരികതയെയും കുറിച്ച 200 പേജുള്ള വിശദമായൊരു പഠനം ഗ്രന്ഥത്തിന്റെ തുടക്കത്തിൽ സി.എൻ എഴുതിയിട്ടുണ്ട്. ചില വിവാദപരാമർശങ്ങൾ അതിൽ സി.എൻ നടത്തിയതായി കാണാം.

ബുഖാരിയും മുസ്‌ലിമും നിവേദനം ചെയ്ത (മുത്തഫഖുൻ അലൈഹി) ഹദീസുകൾ മാത്രം സമാഹരിച്ച *അല്ലുഅ്‌ലുഉ വൽമർജാന്റെ* പരിഭാഷ ബയാനിയ്യാ ബുക്സ്റ്റാൾ പുറത്തിറക്കുകയുണ്ടായി. രിയാളുസ്സ്വാലിഹീന് അഞ്ചുപരിഭാഷകളും ബുലൂഗുൽമറാമിന്ന് രണ്ട് പരിഭാഷകളും മലയാളത്തിലുണ്ടായിട്ടുണ്ട്. ബുലൂഗുൽ മറാമിന്ന് ചെറിയമുണ്ടം അബ്ദുൽഹമീദ് മദനി തയാറാക്കിയ പരിഭാഷ 1972-ലാണ് പ്രസിദ്ധീകരിച്ചത്.

ഹദീസ് മേഖലയുമായി ബന്ധപ്പെട്ട് കേരളത്തിൽ നടന്ന പ്രധാനപ്പെട്ടൊരു ചർച്ച സുന്നത്ത് നിഷേധ പ്രവണതകളുടെ പശ്ചാത്തലത്തിലുള്ളതാണ്. ഹദീസുകൾക്കെതിരെ മോഡേണിസ്റ്റുകൾ ഉയർത്തിയ അർഥശൂന്യമായ വിമർശനങ്ങൾക്ക് യുക്തിഭദ്രമായി മറുപടി നൽകി സുന്നത്തിന്റെ സംരക്ഷണത്തിനുവേണ്ടി കേരളത്തിലെ ഇസ്‌ലാമിക പണ്ഡിതന്മാർ നടത്തിയ പോരാട്ടങ്ങൾ ഏറെ ശ്രദ്ധേയമായിരുന്നു. ഹദീസ് വിജ്ഞാനീയങ്ങളിലെ കേരളീയ ഇടപെടലുകളെക്കുറിച്ച പഠനത്തിൽ അവഗണിക്കാനാവാത്തതാണീ വിഷയം. മോഡേൺ ഏജ് സൊസൈറ്റി രംഗത്തുവന്നപ്പോൾ വിവിധ മുസ്‌ലിം സംഘടനകളും അതിനെ പ്രതിരോധിക്കാൻ രംഗത്തുവന്നു. സുന്നത്തിന്റെ ആധികാരികതയും വിശ്വാസ്യതയും ഊട്ടിയുറപ്പിക്കുന്ന പഠനങ്ങൾ നടന്നു. നിരവധി ലേഖനങ്ങൾ എഴുതപ്പെട്ടു. ഹദീസ് സംബന്ധിച്ച് വൈജ്ഞാനികതലത്തിൽ ആരോഗ്യകരമായ ചർച്ച നടക്കാൻ ഇതെല്ലാം കാരണമായി.

ഹദീസ് നിഷേധ പ്രവണതകൾക്കെതിരെ ചില രചനകളും മലയാളത്തിൽ പ്രസിദ്ധീകൃതമായിട്ടുണ്ട്. ഡോ. മുസ്ത്വഫാസ്സിബാഈയുടെ *അസ്സുന്നത്തു വമകാനത്തുഹാ ഫിത്തശ്‌രീഇൽ ഇസ്‌ലാമീ* എന്ന ഗ്രന്ഥത്തിന് മുഹമ്മദ് അമാനി മൗലവി തയാറാക്കിയ പരിഭാഷയാണ് അതിലൊന്ന്. സിബാഈയുടെ കൃതി സമ്പൂർണമായി പരിഭാഷപ്പെടുത്തുകയാണ് അമാനി മൗലവി ചെയ്തിട്ടുള്ളത്. 1973 നവംബറിലാണ് ഇത് ആദ്യമായി പ്രസിദ്ധീകരിച്ചത്. 376 പേജുള്ള പുസ്തകത്തിന് 1973-ൽ വിലയിട്ടിരുന്നത് പത്തുരൂപയായിരുന്നു. അബൂഹുറയ്‌റക്കെതിരെ ഹദീസ്നിഷേധികൾ ഉയർത്തിയ വിമർശനങ്ങൾക്ക് മറുപടി പറയുന്ന കൃതികളും മലയാളത്തിൽ രചിക്കപ്പെട്ടിട്ടുണ്ട്. ശൈഖ് മുഹമ്മദ് കാരകുന്നിന്റെ *അബൂഹുറയ്റ*, അബ്ദുൽ ഖാദിർ മൂർക്കനാടിന്റെ *അബൂഹുറയ്റ: ആരോപണങ്ങൾക്കുമധ്യേ* എന്നിവയാണവ. ■